കേരള സർക്കാർ

ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത്
2016-2017
ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി.6)1647/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 4/10/2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി.6)1647/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : doekm.ksad@kerala.gov.in

തീയതി : 04/10/2017

എറണാകുളം ജില്ലയിലെ ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദായങ്ങൾ, എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കു കയുണ്ടായി. ഗ്രാമപഞ്ചായത്ത് 25.10.2016 മുതൽ 31.03.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ലഭ്യമായ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറി പ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണ ത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ	ശ്രീമതി. ധന്യ ബാലകൃഷ്ണൻ ജോയിന്റ് ഡയറക്ടർ.
ഓഡിറ്റിന് വിനിയോഗിച്ച സമയം	04.08.2017 മുതൽ 11.08.2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീമതി. മിനു.പി.കെ, ഓഡിറ്റ് ഓഫീസർ
	ശ്രീമതി. ബബിത.ബി.കുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
	ശ്രീ. രാജീവ്.ആർ.,സീനിയർ ഗ്രേഡ് ഓഡിറ്റർ
	ശ്രീ. അനീഷ്.ആർ., ഓഡിറ്റർ

നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	ശ്രീ. ജോൺസൺ തോമസ്.	01.04.2016 മുതൽ 31.03.2017 വരെ
സെക്രട്ടറി	ശ്രീമതി. കെ.ടി. രത്നാഭായി	01.04.2016 മുതൽ 31.05.2016 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

ഉദ്യോഗപ്പേര്	പേര്	കാലയളവ്
സെക്രട്ടറി ഇൻ ചാർജ്	ശ്രീ റെജിമോൻ പി.പി. (അസി.സെക്രട്ടറി)	01.06.2016 മുതൽ 31.03.2017 വരെ
അസി.സെക്രട്ടറി	ശ്രീ റെജിമോൻ പി.പി.	01.04.2016 മുതൽ 31.03.2017 വരെ
കൃഷി ഓഫീസർ	ശ്രീമതി ഇന്ദു ബി. നായർ	01.04.2016 മുതൽ 31.03.2017വരെ
വെറ്ററിനറി സർജൻ	ഡോ.വന്ദന വിജയചന്ദ്രൻ	01.04.2016 മുതൽ 31.03.2017വരെ
ഐ.സി.ഡി.എസ് സൂപ്പർവൈസർ	ശ്രീമതി രാജേശ്വരി	01.04.2016 മുതൽ 30.04.2016 വരെ
	ശ്രീമതി വൽസലകുമാരി പി.എസ്.	01.05.2016 മുതൽ 31.03.2017വരെ
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	ശ്രീമതി വിജയശ്രീ, കരീക്കാട്	22.09.2016മുതൽ 31.03.2017വരെ
	ശ്രീമതി സൗമ്യ ശശിധരൻ, കണയന്നൂർ	01.04.2016മുതൽ 31.03.2017വരെ
ഹെഡ്മിസ്ട്രസ്സ്	ശ്രീമതി തങ്കമ്മ കെ.കെ. ജെ. ബി. എസ്. കണയന്നൂർ	01.04 . 2016 മുതൽ 31.03.2017 വരെ
മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)	ഡോ. രാജേഷ് . പി	01.04.2016 മുതൽ 01.08.2016വരെ
	ഡോ. കാർത്തിക	01.08.2016 മുതൽ 09.08.2016 വരെ

	ഡോ. ഭവ്യ ആർ. പ്രസാദ്	09.08.2016 മുതൽ 31.03.2017 വരെ
മെഡിക്കൽ ഓഫീസർ (ആയുർവേദം)	ഡോ.പി. രാം കുമാർ	01.04.2016 മുതൽ 31.03.2017 വരെ
മെഡിക്കൽ ഓഫീസർ (ഹോമിയോ)	ഡോ.ഋഷികേശൻ നായർ	01.04.2016 മുതൽ 26.05.2016 വരെ
	ഡോ.ഇ.എൻ.രാജു	26.05.2016 മുതൽ 16.01.2017 വരെ
	ഡോ.ജയലത .എം . ജെ	16.01.2017 മുതൽ 31.03.2017 വരെ
അസിസ്റ്റന്റ് എഞ്ചിനീയർ	ശ്രീമതി ശൈലജ പി.കെ.	01.04.2016 മുതൽ 29.07.2016 വരെ
	ശ്രീ ജോമോൻ ടി. പി.	29.07.2016 മുതൽ 07.09.2016 വരെ
	ശ്രീമതി ദിവ്യ ഭ്രപേഷ്	07.09.2016 മുതൽ 20.09.2016 വരെ
	ശ്രീമതി മാഗ്ന ടി.കെ.	21.09.2016 മുതൽ 31.03.2017 വരെ

ഉള്ളടക്കം

ക്രമ നം.	ഭാഗം – 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രിക	1-2
3	വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം	1-3
4	സാമ്പത്തിക വിശകലനം	1-4
5	ഫണ്ട് വിനിയോഗം	1-5
6	പദ്ധതി അവലോകനം	1-6
7	തനത് വരുമാനം	1-7
8	ക്ഷേമപദ്ധതികൾ	1-8
9	ക്യാഷ് വേരിഫിക്കേഷൻ	1-9
10	മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം	1-10

	ഭാഗം - 2	
11	സാംഖ്യ-സഞ്ചയ ആപ്ലിക്കേഷനുകളിലെ വസ്തുനികുതി കളക്ഷനിൽ അന്തരം	2-1
12	വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു - നികുതി നഷ്ടം.	2-2
13	നിലം ഭൂമിയിൽ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചു	2-3
14	സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല	2-4
15	പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ – ടെണ്ടർ ഫീ പഞ്ചായത്തിലേക്ക് ലഭ്യമായില്ല	2-5
16	വാർഷിക ധനവിവരപത്രികയിൽ ന്യൂനത	2-6
	ഭാഗം - 3	
17	വാട്ടർ അതോറിറ്റിയ്ക്ക് സെന്റേജ് ചാർജ് അധികം നൽകി	3-1
18	ധനവിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടില്ല- ചെലവ് തടസ്സപ്പെടുത്തുന്നു	3-2
19	എസ്.എസ്.എ. വിഹിതം നൽകിയതിൽ ന്യൂനതകൾ	3-3
20	വാറ്റ്, ആദായനികുതി എന്നിവ ഒടുക്കിയിട്ടില്ല	3-4
21	പണം നൽകിയിട്ടും പഞ്ചായത്തിലെ ഡിസ്പെൻസറികൾക്ക് മരുന്നുകൾ ലഭിച്ചില്ല	3-5
22	കൃഷി ഓഫീസർ നടത്തിയ വാങ്ങലുകൾക്ക് ക്യാഷ് ബിൽ ലഭ്യമാക്കിയില്ല	3-6
23	കരാർ നിബന്ധനകളിൽ നിന്ന് വ്യതിചലിച്ചുകൊണ്ട് പ്രവൃത്തികൾ നടപ്പാക്കുന്നു.	3-7
	ഭാഗം – 4	
24	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
25	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ	4-2
26	മൊബിലൈസേഷൻ അഡ്വാൻസ്	4-3
27	വായ്പാ തിരിച്ചടവ്	4-4
28	സ്ഥിരനിക്ഷേപങ്ങൾ	4-5

28	ഓഡിറ്റ് റിക്കവറി	4-6
29	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-7
30	ഓഡിറ്റ് പ്രത്യവലോകനം	4-8
31	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-9
32	ഓഡിറ്റ് സർട്ടിഫിക്കറ്റ്	അനുബന്ധം.1
33	ബാലൻസ് ഷീറ്റ്	അനുബന്ധം.2
34	ഇൻകം & എക്സ്പെൻഡിച്ചർ സ്റേറ്റ്മെൻറ്	അനുബന്ധം.3
35	റസീപ്റ്റ് & പെയ്മെന്റ് സ്റേറ്റ്മെൻറ്.	അനുബന്ധം.4

ഭാഗം 1

പൊതു അവലോകനം

1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 03.3.2016ലെ തീരുമാനം ഒന്നു പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവുകളുടേയും യഥാർത്ഥ വരവുചെലവുകളുടേയും വിവരം താഴെ ചേർക്കുന്നു.

	വരവ്	ചെലവ്
ബജറ്റ് പ്രകാരം	114908000.00	117465220.00
വാർഷിക കണക്കുകൾ പ്രകാരം	49355602.00	48443261.00

EFMS വഴിയായി NREGS, B ഫണ്ട് എന്നീ ഇനങ്ങളിൽ വരവ് വന്നിട്ടുള്ള യഥാക്രമം ₹7553842/-, ₹ 28949580/- എന്നിവ വാർഷിക കണക്ക് പ്രകാരമുള്ള വരവ് – ചെലവ് പത്രിക യിലുൾപ്പെട്ടിട്ടില്ല. ഇവയുൾപ്പെടുത്തിയാലും ബജറ്റ് പ്രകാരമുള്ള വരവ്-ചെലവുകൾ യഥാർത്ഥത്തിലുള്ള വരവ്- ചെലവുകളേക്കാൾ വളരെ കൂടുതലാണ്. ബജറ്റ് തയ്യാറാക്കുമ്പോൾ യാഥാർത്ഥ്യവുമായി ബന്ധപ്പെടുത്തി തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31.07.2017	30.06.2017

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

വാർഷിക ധനകാര്യപത്രികയിൽ ന്യൂനതകൾ ഉള്ളതായി കാണുന്നു. വിശദാംശം ഖണ്ഡിക 2-6 ൽ ചേർത്തിട്ടുണ്ട്. ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ്, ഇൻകം &

എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് എന്നിവ അനുബന്ധമായി ചേർക്കുന്നു.

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	5525177.00
വരവ്	49355602.00
ആകെ	54880779.00
ചെലവ്	48443261.00
നീക്കിയിരിപ്പ്	6237518.00

1-5 ഫണ്ട് വിനിയോഗം

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ അലോട്ട്മെന്റ്	ആകെ	ചെലവ്	ചെലവഴിക്കാതെ പോയ തുക	ചെലവ് ശതമാനം
വികസന ഫണ്ട് (ജനറൽ)	0	7297681	7297681	5468528	1829153	75
വികസന ഫണ്ട് (എസ്. സി.പി)	0	5004192	5004192	2809076	2195116	56
വികസന ഫണ്ട് (ടി.എസ്. പി)	0	112056	112056	44497	67559	40
സംരക്ഷണ ഗ്രാന്റ് (റോഡ്)	0	8438397	8438397	4865609	3572788	58
സംരക്ഷണ ഗ്രാന്റ് (റോഡി തരം)	0	2554755	2554755	1797504	757251	70
ധനകാര്യ കമ്മീഷൻ അവാർഡ്	0	4092543	4092543	2690655	1401888	66
ലോക ബാങ്ക് സഹായം	0	2143234	2143234	0	2143234	0

അലോട്ട്മെന്റ് തുകകൾ പരമാവധി വിനിയോഗിക്കുവാൻ അധികാരികൾ ജാഗ്രത പാലിക്കേണ്ടതാണ്.

1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാ	നടപ്പാക്കാത്തവ എണ്ണം	പൂർത്തീകരിച്ച പ്രോജക്ട്

				ക്കിയത് (എണ്ണം)		കളുടെ %
167	91510731	144	27485908	22	1	86

നടപ്പിലാക്കിയ പദ്ധതികളുടെ മേഖല തിരിച്ചുള്ള ചെലവ് വിവരം

മേഖല	അടങ്കൽ	ചെലവ്	ചെലവ് ശതമാനം
സേവനം	50700226	13227726	79
ഉല്പാദനം	3726000	1792900	79
പശ്ചാത്തലം	37084505	1265282	79

വിഭാവനം ചെയ്യുന്ന പ്രോജക്റ്റുകളെല്ലാം നടപ്പിലാക്കി എല്ലാ മേഖലകളുടെയും ഉന്നമനത്തിന് കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

1-7 തനത് വരുമാനം.

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ നികുതി നികുതിയേതര വരവുകളിൽ താഴെ പറയും പ്രകാരം 17.42 ശതമാനം വർദ്ധവുണ്ടായിട്ടുണ്ട്.

ഇനം	മുൻവർഷം	തൻവർഷം	വ്യത്യാസം	ശതമാനം
നികുതി വരവുകൾ	10175810	10425824	(+) 250014	2.46
നികുതിയേതര വരവുകൾ	2497830	4652593	(+) 2154763	86.27
മറ്റ് വരവുകൾ	263789	113529	(-) 150260	56.96
ആകെ	12937429	15191946	(+) 2254517	17.42

1-8 ക്ഷേമ പദ്ധതികകൾ

ക്രമ നം	പദ്ധതി	ചെല വഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
1	കർഷകത്തൊഴിലാളി പെൻഷൻ	3888200	83
2	തൊഴിൽരഹിതവേതനം	117480	29
3	വിധവാ പെൻഷൻ	7841600	70
4	വികലാംഗ പെൻഷൻ	1972500	236
5	50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ	411800	47
6	വാർദ്ധക്യകാലപെൻഷൻ	14508000	1583
7	വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം	210000	6

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.08.2017 ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 29603/-രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	22.07.2017 - 24.07.2017	01.06.2016 - 30.06.2016	ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	11.02.2015 – 20.02.2015	2009-10 മുതൽ 2013-14 വരെ	22.05.2015

1-11 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിൽ കാർഡ് ഉള്ളവർ				തൊഴിൽ ആവശ്യപ്പെട്ട വരുടെ എണ്ണം	തൊഴിൽ ലഭിച്ച വരുടെ എണ്ണം	സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ				100 ദിവസം തൊഴിൽ ലഭിച്ചവർ
SC	ST	GEN	Total			SC	ST	GEN	Total	
272	0	1297	1569	477	477	6228	0	12169	18397	78

ഭാഗം-2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 സാംഖ്യ-സഞ്ചയ ആപ്ലിക്കേഷനുകളിലെ വസ്തുനികുതി കളക്ഷനിൽ അന്തരം

ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വസ്തുനികുതി കളക്ഷൻ സാംഖ്യ, സഞ്ചയ ആപ്ലിക്കേഷനുകളിൽ വ്യത്യസ്തമായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സാംഖ്യ ആപ്ലിക്കേഷൻ പ്രകാരമുള്ള കളക്ഷൻ

വാസഗൃഹ കെട്ടിടങ്ങളുടെ വസ്തുനികുതി (തൻവർഷം)	2948192
വാസഗൃഹ കെട്ടിടങ്ങളുടെ വസ്തുനികുതി (കുടിശിക)	978295
വാസഗൃഹേതര കെട്ടിടങ്ങളുടെ വസ്തുനികുതി (തൻവർഷം)	2374296
വാസഗൃഹേതര കെട്ടിടങ്ങളുടെ വസ്തുനികുതി (കുടിശിക)	218255

ആകെ	6519038

സഞ്ചയ ആപ്ലിക്കേഷൻ പ്രകാരമുള്ളത്

തൻവർഷം	5485611
കുടിശിക	1253798
ആകെ	6739409

സാംഖ്യ, സഞ്ചയ ആപ്ലിക്കേഷനുകളിലെ വസ്തുനികുതി കളക്ഷനിലെ വ്യത്യാസം പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-2 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു - നികുതി നഷ്ടം.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് വിനിയോഗിച്ചിരിക്കുകയാണെങ്കിൽ മാത്രമെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടത്തിനും പ്രത്യേകം വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ, (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതാത് വിഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ ആകെ വാർഷീക വസ്തു നികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതിൻ പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒരുമിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്.

തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പിന്റെ 14/01/11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 നമ്പർ ഉത്തരവ് പ്രകാരം ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് പുറപ്പെടുവിച്ച വസ്തുനികുതി പരിഷ്കരണത്തിനുള്ള വിജ്ഞാപനത്തിൻ വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 30 രൂപയായും, വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപയായും നിരക്ക് പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ, നികുതിനിർണ്ണയ രേഖകൾ പരിശേധിച്ചതിൽ സേവ്യർ ജോൺ, മാട്ടുപുറത്ത് എന്ന വ്യക്തിയുടെ വാണിജ്യാവശ്യത്തിനുള്ള ഒരു കെട്ടിടം വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുകയും, അവക്ക് ബാധകമായ ഉയർന്ന നിരക്ക് (ചതുരശ്ര മീറ്ററിന് 50 രൂപ) ഈടാക്കുന്നതിന് പകരം 100 ച. മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമാകുന്ന 30 രൂപ നിരക്കിലുമാണ് നികുതി ഈടാക്കുകയും ചെയ്തിരിക്കുന്നത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

വാർഡ് നം/ കെട്ടിട	വിസ്തൃതി (പ്ലിന്ത് ഏരിയ	ഈടാക്കേണ്ട നികുതി 50 രൂപ	ഈടാക്കിയ നികുതി 30 രൂപ	കുറവ്

നം	ച. മീ.)	നിരക്കിൽ (വർദ്ധനവ്-ഇളവ്, ഗ്രന്ഥശാല വരി ഉൾപ്പെടെ)	നിരക്കിൽ (വർദ്ധനവ് -ഇളവ് ഗ്രന്ഥശാല വരി ഉൾപ്പെടെ)	
V/366A	34.69	2186	1312	874
V/366B	34.69	2186	1312	874
V/366C	34.69	2186	1312	874
V/366D	34.69	2186	1312	874
V/366E	34.69	2186	1312	874
V/366F	34.69	2186	1312	874
V/366G	34.69	2186	1312	874
V/366H	34.69	2186	1312	874
V/366I	34.69	2186	1312	874
V/366J	42.83	2564	1539	1025
V/366K	42.83	2564	1539	1025
V/366L	42.83	2564	1539	1025

മേൽ അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം.7, തീയതി 09/08/17) നൽകിയെങ്കിലും, മറുപടി ലഭ്യമാക്കിയിട്ടില്ല.

സമാനമായ രീതിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ അവയുടെ നികുതി ഉയർന്ന നിരക്കിൽ പുനർനിർണ്ണയിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2-3 നിലം ഭൂമിയിൽ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചു

റവന്യൂ രേഖയിൽ /ബി റ്റി ആർ-ൽ നിലം, നെൽവയൽ, വെറ്റ് ലാൻഡ് എന്നിവയായി ഭൂമിയുടെ തരം രേഖപ്പെടുത്തുകയും, ഡേറ്റാബാങ്കിലോ, കരട് ഡേറ്റാബാങ്കിലോ ഉൾപ്പെടുന്നതുമായ ഭൂമിയിൽ 2008ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് അനുമതി നൽകാൻ പാടില്ല. എന്നാൽ, ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തീക വർഷത്തിൽ കണയന്നൂർ വില്ലേജ് ഓഫീസ് രേഖകളിൽ (കൈവശാവകാശ സർട്ടിഫിക്കറ്റിൽ) നിലം എന്ന് രേഖപ്പെടുത്തുകയും ഡാറ്റാ ബാങ്കിൽ ഉൾപ്പെടുന്നതുമായ 65/1 സ്ഥലത്ത് റെസിഡൻഷ്യൽ അപ്പാർട്മെൻറ് നിർമിക്കാൻ പെർമിറ്റ് നൽകിയിട്ടുണ്ട്. ഈ സ്ഥലത്ത് നിർമ്മാണ അനുമതി നൽകാൻ നിലം കമ്മിറ്റി ശിപാർശയും ചെയ്തിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

പെർമിറ്റ് നം	A2/4375/17, തി.14/02/17
ഉടമസ്ഥൻ	സെൻ പീറ്റർ തോട്ടം സ്കൈലൈൻ അപ്പാർട്മെന്റ് 2 ഡോഫോഡിൽ. തൃപ്പൂണിത്തുറ

സർവെ നം	65/1
കൈവശ ഗണം	എ1 പാർപ്പിടം
കെട്ടിടത്തിന്റെവിസ്തൃതി	406.04 ച. മീ.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22/12/16ലെ 994763/ആർ എ1/2016/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം റവന്യൂ രേഖയിൽ /ബി റ്റി ആർ-ൽ നിലം, നെൽവയൽ, വെറ്റ് ലാൻഡ് എന്നിവയായി ഭൂമിയുടെ തരം രേഖപ്പെടുത്തുകയും, ഡേറ്റാബാങ്കിലോ, കരട് ഡേറ്റാബാങ്കിലോ ഉൾപ്പെടാത്തതുമായ ഭൂമിയിൽ 12/08/08ന് മുമ്പ് നികത്തുകയോ, നികത്തപ്പെടുകയോ ചെയ്തതാണെങ്കിൽ നിലം കമ്മിറ്റിയുടെ ശിപാർശയിൽ നിർമാണ അനുമതി നൽകാവുന്നതാണ്. എന്നാൽ ടി സ്ഥലം കരട് ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ളതിനാൻ സ്കൈലൈൻ അപ്പാർട്മെന്റിന് പെർമിറ്റ് നൽകിയത് നിയമവിരുദ്ധമാണ്.

2-4 സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല

2016- 17 സാമ്പത്തികവർഷത്തിൽ ബി.എസ്.എൻ.എൽ,. കെ.എസ്.ഇ.ബി. എന്നീ സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല .

സ്ഥാപനം	ഈടാക്കേണ്ട തുക	
	അർദ്ധ വർഷം I	അർദ്ധ വർഷം II
ബി.എസ്.എൻ.എൽ	1250	1250
കെ എസ് ഇ ബി	1250	1250
ആകെ	2500	2500

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

2-5 പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിലേക്ക് ലഭ്യമായില്ല.

2016-17 വർഷത്തിൽ പഞ്ചായത്തിൽ 27 മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ വഴി നിർവ്വഹണം നടത്തിയിട്ടുണ്ട്. പ്രവൃത്തികളുടെ ടെണ്ടർ ഫീ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ടെണ്ടർ ഫീ ഇനത്തിൽ 722150/-രൂപ വരവുണ്ട്. ടെണ്ടർ ഫീസ് ഇനത്തിൽ ലഭ്യമായ തുക പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-6 വാർഷിക ധനവിവര പത്രികയിൽ ന്യൂനത

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ മുൻവർഷം കുടിശ്ശിക വസ്തുനികുതി ഡിമാന്റായി 284815/- (മുൻവർഷത്തെ B15 പ്രകാരം)രൂപയാണ് ഉണ്ടായിരുന്നത്. എന്നാൽ തൻവർഷം കളക്ഷൻ 674083/-രൂപയും (RP 43) ഈടാക്കാൻ ബാക്കി നിൽക്കുന്ന തുക 1309379/- (B15)

രൂപയുമാണ്. ഈ അപാകത ഓഡിറ്റ് എൻക്വയറി 21 പ്രകാരം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ഭാഗം-3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 സെന്റേജ് ചാർജ് അധികം നൽകി

പ്രോജക്ട് നം.	S0155/16-17
പേര്	വട്ടപറമ്പ് ശ്മശാനം റോഡിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ
അടങ്കൽ	57,768/- (തനത് ഫണ്ട്)
ചെലവ്	57,768/- ഡി.ഡി. നം.060677/ 09.01.17

1. വട്ടപറമ്പ് ശ്മശാനം റോഡിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയ്ക്ക് തുക നൽകിയിട്ടുണ്ട്. 11.01.16 ലെ ജി.ഒ.(എം.എസ്) 04/2016 പ്രകാരം കെ.ഡബ്ല്യു.എ, കെ.എസ്.ഇ.ബി. എന്നീ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടശേഷം മാത്രമേ മുൻകൂർ നൽകാവൂ. എന്നാൽ മേൽ പ്രോജക്ട് നടപ്പാക്കുന്നതിനായി കെ.ഡബ്ല്യു.എ.യുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2. പി.ഡബ്ല്യു.ഡി. മാന്വൽ കെ.ഡബ്ല്യു.എ.യ്ക്ക് ബാധകമാണ്. എസ്റ്റിമേറ്റിന്റെ 10% സൂപ്പർ വിഷൻ ചാർജും 2.5% എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള ചാർജും ചേർത്ത് ആകെ 12.5% സെന്റേജ് ചാർജായി ഈടാക്കാമെങ്കിലും പി.ഡബ്ല്യു.ഡി മാന്വൽ 1601.4 Deposit Works പ്രകാരം എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജായ 2.5% തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാൻ പാടില്ല. ആയതിനാൽ 10% ആണ് സെന്റേജ് ചാർജായി നൽകാവുന്നത്. മേൽ പ്രോജക്ടിൽ 12.5% സെന്റേജ് ചാർജ് നൽകിയിട്ടുണ്ട് വിശദാംശം താഴെച്ചേർക്കുന്നു.

ക്രമ നം	ഇനം	തുക
1	മെറ്റീരിയൽ കോസ്റ്റ്	4032
2	വർക്കിംഗ് ചാർജ്	45000
3	ആകെ	49032
4	12.5% സെന്റേജ് ചാർജ്	6129
5	അൺഫോർസീൻ ചാർജ്	2607
6	ആകെ	57768
7	10% സെന്റേജ് ചാർജ്	4903
8	കൂടുതൽ നല്കിയത് (4-7)	1226

1226/- രൂപ കെ.ഡബ്ല്യു.എ.യിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്. ഇത് കഴിച്ചുള്ള തുകയായ 56542/-രൂപ ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു.

3-2 ധനവിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടില്ല- ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.	S0083/17
പേര്	നാലാം വാർഡ് , ഏഴാം നമ്പർ അംഗൻവാടിയ്ക്ക് വൈദ്യുതി കണക്ഷൻ
അടങ്കൽ	തനത് ഫണ്ട്-13,850
ചെലവ്	13,850/- ഡി.ഡി.നം. 060572/01.10.2016 കെ.എസ്.ഇ.ബി യ്ക്ക് നൽകിയത്

മേൽ പ്രോജക്ടുകളിൽ പറഞ്ഞിരിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് ധനവിനിയോഗ സർട്ടിഫിക്കറ്റ് കെ.എസ്.ഇ.ബി. നൽകിയിട്ടില്ല. ചെലവ് തുക 13850/- രൂപ തടസ്സപ്പെടുത്തുന്നു.

3-3 എസ്.എസ്.എ. വിഹിതം നൽകിയതിൽ ന്യൂനതകൾ

പ്രോജക്ട് നം.	S0023/16-17- എച്ച്.എം
പേര്	എസ്.എസ്.എ. വിഹിതം
അടങ്കൽ	2,38,782/- (വികസന ഫണ്ട്-)
ചെലവ്	238782/- 1/16-17/ 20.12.2016 ഡി.ഡി.നം.362849/ 20.12.16

.

പ്ലാൻ ഔട്ട് ലേയായ 402984 രൂപയുടെ 40% ആയ 161194 രൂപയാണ് പഞ്ചായത്ത് വിഹിതം. എന്നാൽ 238782 രൂപ നൽകിയിട്ടുണ്ട്. ഇത് കുടിശ്ശിക ഉൾപ്പടെയാണെങ്കിൽ, മുൻ വർഷ കണക്കുകൾ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. നൽകിയ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 238782/- തടസ്സപ്പെടുത്തുന്നു.

.

3-4 വാറ്റ്, ആദായനികുതി എന്നിവ ഒടുക്കിയിട്ടില്ല

പ്രോജക്ട് നം.	S0151/16-17-സെക്രട്ടറി നടപ്പാക്കിയത്
പേര്	തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി
അടങ്കൽ	3,66,000 (തനത് ഫണ്ട്)
ചെലവ്	1,67,200 അക്കൗണ്ട് ട്രാൻസ്ഫർ

(1) തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയതിന് മെ.ലിറ്റസ് ക്രിയേഷൻസിന് (11W CFL x 2) 304 എണ്ണത്തിന് 550 രൂപ വീതം 1,67,200/- രൂപ നൽകിയിട്ടുണ്ട്. നിയമപരമായി ഈടാക്കേണ്ട 4% വാറ്റ്, 1% ആദായനികുതി എന്നിവ ഈടാക്കിയിട്ടില്ല. തുക ഈടാക്കി, അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

3-5 പണം നൽകിയിട്ടും പഞ്ചായത്തിലെ ഡിസ്പെൻസറികൾക്ക് മരുന്നുകൾ ലഭിച്ചില്ല

1)

പ്രോജക്ട് നം.	S009/16-17- എം.ഒ. ഹോമിയോ
പേര്	ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ
അടങ്കൽ	90,000/-(മെന്റനൻസ് ഫണ്ട് -റോഡിതരം)
ചെലവ്	90,000- 01/16-17/ 24.10.16 ഡി.ഡി.നം.362454/ 24.10.16

ഹോംകോയുടെ 26.10.16 ലെ ഇൻവോയ്സ് നം.LF1409 പ്രകാരം 33140 രൂപയുടെ മരുന്ന് മാത്രമാണ് ഇതുവരെ ലഭിച്ചിട്ടുള്ളത്. 56860 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. ഇത് ലഭിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)

പ്രോജക്ട് നം.	69/16-17
പേര്	അലോപ്പതി ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ	2,00,000/- (മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം)
ചെലവ്	ബിൽ നം.6/16-17/13.1.2017 – 2,00,000/- (ഡി.ഡി.നം.363149/13.01.17 – 100000/- & 363147/13.01.17 – 100000/-)

ഡി.എം.ഒ. യുടെ നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. മരുന്ന് നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം വാങ്ങേണ്ടതാണ്. കാരുണ്യ മെഡിസിൻ ഡിപ്പോയുടെ താഴെപ്പറയുന്ന ഇൻവോയ്സുകൾ പ്രകാരം 1,88,915 രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ട്. 11,085 രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല.

നം.84/12.04.17 - 65599

നം.6527/ 06.12.17- 123316

188915

മരുന്നുകൾ ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-6 കൃഷി ഓഫീസർ നടത്തിയ വാങ്ങലുകൾക്ക് ക്യാഷ് ബിൽ ലഭ്യമാക്കിയില്ല

1)

പ്രൊജക്ട് നം.	16/16-17
പേര്	സമഗ്രപുരയിട കൃഷി വികസനം
അടങ്കൽ	425000/- (വികസന ഫണ്ട്)
ചെലവ്	ബിൽ നം.1/16-17, 06.01.2017 – 418880/- 4//16-17, 31.01.2017 – 6120/- ---------- 425000/-

2)

പ്രൊജക്ട് നം.	S18/16-17
പേര്	ഗ്രോബാഗ് കൃഷി
അടങ്കൽ	330000/- (വികസന ഫണ്ട്) 128800/- (മറ്റുള്ളവ) ---------- 458800/-
ചെലവ്	ബിൽ നം.2/16-17,31.01.17 – 13800 ,, 5/16-17,28.12.17 – 164500 ,, 8/16-17,22.03.17 – 151700 ---------- 324000

ടി തുകകൾ കണയന്നൂർ സർവ്വീസ് സഹകരണ ബാങ്കിന് നൽകിയിട്ടുണ്ട്. എന്നാൽ കണയന്നൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ ക്യാഷ് ബിൽ ലഭ്യമാക്കിയിട്ടില്ല. ഗ്രോ ബാഗ് വിതരണരേഖയിൽ കർഷകരുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. ടി കാരണത്താൽ ചെലവ് തുക 7,49,000/- രൂപ തടസ്സപ്പെടുത്തുന്നു.

3-7 കരാർ നിബന്ധനകളിൽ നിന്ന് വ്യതിചലിച്ചുകൊണ്ട് പ്രവൃത്തികൾ നടപ്പാക്കുന്നു.

ഗുണഭോക്തൃ സമിതി ഏറ്റെടുത്തു നടത്തുന്ന പ്രവൃത്തികളുടെ നടത്തിപ്പിനായി ഗുണഭോക്തൃ സമിതി കൺവീനർ ഗ്രാമപഞ്ചായത്തുമായി ഏർപ്പെടുന്ന കരാറിൽ, പ്രവൃത്തി ഗുണഭോക്താക്കളുടെ പൂർണ്ണമായ അറിവോടെയും പങ്കാളിത്തത്തോടെയും നിർവ്വഹിക്കുന്നതാണെന്നും, സാങ്കേതിക വൈദഗ്ധ്യം ആവശ്യമുള്ള ഇനങ്ങളിലൊഴികെ, പ്രസ്തുത പ്രവൃത്തി ഭാഗികമായോ മുഴുവനായോ, യാതൊരു കരാറുകാരനെയോ, കരാർ കമ്പനിയെയോ, ബിനാമിയെയോ ഏല്പിക്കുന്നതല്ല എന്ന ഒരു നിബന്ധന ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി നടപ്പിലാക്കുമ്പോൾ ഈ നിബന്ധന പാലിക്കപ്പെടുന്നില്ല. പല കൺവീനർമാരും സ്വന്തം നിലയിൽ ടെണ്ടർ വിളിച്ച് പണി മൊത്തമായി കോൺട്രാക്റ്റ് കൊടുത്ത് നടപ്പിലാക്കുന്ന രീതിയാണ് സ്വീകരിച്ചു വരുന്നത്.

ഉദാഹരണത്തിന്, ദീപം റോഡ് കോൺക്രീറ്റ് ബ്ളോക്ക് വിരിക്കൽ (പ്രോജക്റ്റ് നമ്പർ 12/17) എന്ന പ്രവൃത്തിക്ക് ആകെ ചെലവായ തുക 152080/- ആണ്. ടാക്സ് ഒഴിവാക്കിയാൽ, കൺവീനർക്ക്

ലഭിച്ച തുക 138522/- (MB 61/14-15 page 10) . പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ, 2 ക്വട്ടേഷനുകൾ (LSGD അസി. എഞ്ചിനീയറുടെ പേർക്ക്) ലഭിച്ചിട്ടുള്ളതായും, ഗുണഭോക്തൃസമിതി മീറ്റിങ്ങിന്റെ മിനിറ്റ്സിൽ (തീയതി രേഖപ്പെടുത്തിയിട്ടില്ല) താഴ്ന്ന നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.ബിജു തോമസിന്റെ പേരിൽ ക്വട്ടേഷൻ നൽകുന്നതിന് തീരുമാനിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 1.10.2015 ൽ ചേർന്ന ഗുണഭോക്തൃസമിതി മീറ്റിങ്ങിൽ "റോഡ് നിർമ്മാണം വളരെ നല്ല രീതിയിൽ ശ്രീ.ബിജു തോമസ് പൂർത്തിയാക്കിയതായി യോഗം വിലയിരുത്തി. പഞ്ചായത്തിൽ നിന്നും ടി വർക്കിന്റെ ചെക്ക് വാങ്ങി പണം കോൺട്രാക്ടറെ ഏല്പിക്കുന്നതിന് കൺവീനറെ ചുമതലപ്പെടുത്തി" എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ നിന്ന് ഈ പ്രവൃത്തി പൂർണ്ണമായും കോൺട്രാക്ട് നൽകിയാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാണ്. 2016-17 വർഷത്തിൽ ചോറ്റാനിക്കര പഞ്ചായത്തിൽ നടപ്പിലാക്കിയ കൺവീനർ വർക്കുകളെല്ലാം തന്നെ ഈ രീതിയിലാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഗുണഭോക്തൃസമിതി ഏറ്റെടുക്കുന്ന പ്രവൃത്തികൾ, നിബന്ധനകൾക്കനുസൃതമായിത്തന്നെ പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

വിഷയത്തിൽ അന്വേഷണം നടത്തി ഉചിത നടപടികൾ സ്വീകരിക്കുന്നതിന് ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു.

ഭാഗം-4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്തപ്രൊജക്ടുകൾക്കായി തൻവർഷം ലഭിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

.

വിഹിതം നല്കിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്
ജില്ലാ പഞ്ചായത്ത്	2016-17	105000	സമഗ്രനെൽകൃഷി വികസനം	105000
ജില്ലാ പഞ്ചായത്ത്	2016-17	200000	ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	200000
ബ്ലോക്ക് പഞ്ചായത്ത്	2016-17	200000	ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	200000
ബ്ലോക്ക് പഞ്ചായത്ത്	2016-17	142200	പാൽ ഇൻസെന്റീവ്	110400

4-2 ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിശദാംശങ്ങൾ

വിഹിതം നല്കിയ	തുക ലഭിച്ച	നല്കിയ തുക	പ്രൊജക്ടിന്റെ പേര്	ചെലവ് തുക	ചെലവഴിക്കാൻ ബാക്കി

സ്ഥാപനം	വർഷം				നിൽക്കുന്ന തുക
കെ എസ് ഇ ബി	2016-17	13850	4ാം വാർഡിൽ 7-ാം അംഗൻവാടിക്ക് ഇലക്ട്രിക്ക് പോസ്റ്റ് സ്ഥാപിച്ച് ലൈൻ വലിക്കൽ	13850	0
കേരളാ വാട്ടർ അതോറിറ്റി	2016-17	57768	വട്ടപറമ്പിൽ ശ്മശാനം റോഡിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ	57768	0

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

4-4 വായ്പ തിരിച്ചടവ്

വായ്പയുടെ പേര്/ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തീയതി	വായ്പാതുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം	സ.ഉ.(സാ)നം.547/2009 /ത.സ്വ.ഭ.വ. തീയതി 04.03.2009	1,17,00,000	49,52,300	13,79,232	-	35,73,068
,,	സ.ഉ.(സാ)നം.1830/2014 /ത.സ്വ.ഭ.വ. തീയതി 18.03.2014	41,00,000 ---------- 1,58,00,000				
ഇ.എം.എസ്. ഭവന നിർമ്മാണം	സ.ഉ.നം.564/2010 /ത.സ്വ.ഭ.വ. തീയതി 06.10.2010	56,25,000	17,69,010	51,510	-	17,17,500

.

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

റിപ്പോർട്ട് വർഷം	തുക ലഭിച്ച വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നം./തീയതി
2015-16	2016-17	2-1	12625	എം.ഡി.ഉണ്ണികൃഷ്ണൻ, എം.കെ.നന്ദകുമാർ	11603105626/02.02.2017

	2-2	660	കെ.എസ്.രാമകൃഷ്ണൻ	11603104177/03.11.2016
		1860	സോഫിയ ജോൺ	11603105651/03.02.2017

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1999-2000	37,40,41,42,43,44	2002-2003	3(5)	ശ്രീ ജോസഫ് തോമസ് കൺവീനറായി 15 ജനകീയാസൂത്രണ പദ്ധതികളിലായി 20,76,862/- രൂപ ദുരുപയോഗം ചെയ്തു.	ജില്ലാ കളക്ടറുടെ റവന്യൂ റിക്കവറി നടപടികൾക്കെതിരെ ശ്രീ ജോസഫ് തോമസ് ഹൈക്കോടതിയിൽ നിന്ന് സ്റ്റേ വാങ്ങി. പഞ്ചായത്ത് കൗണ്ടർ ഫയൽ ചെയ്തു. സർക്കാർ കൗണ്ടർ ഫയൽ ചെയ്യേണ്ടതാണെന്ന് അഭിഭാഷകൻ അറിയിച്ചതിനെ തുടർന്ന് ടി വിവരം 03.01.2015ൽ പഞ്ചായത്ത് ഡയറക്ടറെ അറിയിച്ചു. തുടർ നടപടിയുണ്ടായിട്ടില്ല.

.

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	49355602.00
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	48443261.00
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	1226
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1058174

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

	നഷ്ടമായ തുക		
ഖണ്ഡിക നമ്പർ	വരവ് നഷ്ടം	ചെലവ് നഷ്ടം	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1		1226	റെജിമോൻ, സെക്രട്ടറി ഇൻചാർജ്

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	56,542	റെജിമോൻ,സെക്രട്ടറി ഇൻചാർജ്
3-2	13,850	റെജിമോൻ,സെക്രട്ടറി ഇൻചാർജ്
3-3	238782	തങ്കമ്മ കെ.കെ, ഹെഡ്മിസ്ട്രസ്
3-6	749000	ഇന്ദു.ബി നായർ,കൃഷി ഓഫീസർ
ആകെ	10,58,174	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
റെജിമോൻ, സെക്രട്ടറി ഇൻചാർജ്	എൻമഗജെ ഗ്രാമപഞ്ചായത്ത്	പുത്തൻപുരയ്ക്കൽ, കരിക്കോട്, മുളന്തുരുത്തി
ഇന്ദു.ബി.നായർ, കൃഷി ഓഫീസർ	പി.എ.ഒ. എറണാകുളം	തിരുവോണം, പൂണിത്തുറ, നിയർ ശ്രീപൂർണത്രയേശ
തങ്കമ്മ.കെ.കെ., എച്ച്.എം	ഗവ.എൽ.പി.സ്കൂൾ ചോറ്റാനിക്കര	പീടികപറമ്പിൽ, പെരുംതുറ പി.ഒ, കല്ലറ, കോട്ടയം

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1997-98	കെ.എസ്.എ.ഇ.കെ.എം(പി6)712/2015 തീ. 07.12.2015	4
1998-99	കെ.എസ്.എ.ഇ.കെ.എം(പി6)712/2015 തീ. 07.12.2015	2
1999-2000	കെ.എസ്.എ.ഇ.കെ.എം(പി6)712/2015 തീ. 07.12.2015	9
2003-04	കെ.എസ്.എ.ഇ.കെ.എം(പി6)712/2015 തീ. 07.12.2015	1
2009-10	കെ.എസ്.എ.ഇ.കെ.എം(പി6)712/2015 തീ. 07.12.2015	1
2010-11	എൽ.എഫ്.ഇ.(പി6)1048/14/04.09.2014	2
2011-12	എൽ.എഫ്.ഇ.(പി6)804/13/03.06.2013	3
2012-13	എൽ.എഫ്.ഇ.(പി6)536/14/04.05.2016	5
2013-14	കെ.എസ്.എ.ഇ.കെ.എം.(പി6)374/16 /12.05.2016	5
2014-15	കെ.എസ്.എ.ഇ.കെ.എം.(പി6)1117/16 /07.07.2016	7
2015-16	നം.കെ.എസ്.എ.ഇകെഎം(പി6)1918/2016 /30.11.2016	

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം

അനുബന്ധം 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇ.കെ.എം(പി6)1647/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in

തീയതി : 4/10/2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 2-6 ലെ പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

APPENDIX – I

AUDIT CERTIFICATE – 2016-17

No.KSA-EKM(P6)1647/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 4/10/2017

Certified that I have audited the Annual Financial Statement of CHOTTANIKKARA Grama Panchayat in Ernakulam District for the Financial Year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of CHOTTANIKKARA Grama Panchayat for the Financial Year 2016-17 except the observation in Paragraph 2-6 of my audit report properly presents the picture of income and expenditure.

Deputy Director